(ബി) മലപ്പുറം ജില്ലയിൽ മലപ്പുറം, തിരൂർ, കോട്ടക്കൽ, കല്പകഞ്ചേരി, കുറ്റിപ്പുറം, പെരിന്തൽമണ്ണ എന്നീ സബ് രജിസ്ട്രാർ ആഫീസുകൾ കമ്പ്യൂട്ടർവൽക്കരിച്ചു കഴിഞ്ഞു. ഈ സാമ്പത്തികവർഷം മക്കരപറമ്പ്, എടപ്പാൾ, കൊണ്ടോട്ടി, അരീക്കോട്, എടക്കര എന്നീ സബ് രജിസ്ട്രാർ ആഫീസുകളുടെ കമ്പ്യൂട്ടർവൽക്കരണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) മഞ്ചേരി, അരീക്കോട് സബ് രജിസ്ട്രാർ ആഫീസുകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് എത്രയും വേഗം പൂർത്തിയാക്കുന്നതാണ്.

സഡക് യോജന

129 [852] ഡോ. എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. കെ. പി. മോഹനൻ:
„ എ. സി. ഷൺമുഖദാസ്:
„ സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രിയുടെ സഡക് യോജന അനുസരിച്ച് എത്ര റോഡുകളുടെ നിർമ്മാണമാണ് സംസ്ഥാനത്ത് ഇതിനകം ഏറ്റെടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) അവയുടെ ജില്ലാ, ബ്ലോക്ക് അടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതിപ്രകാരം ഇതിനകം എത്ര റോഡുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്;

(ഡി) ഇനി എത്ര റോഡുകളുടെ നിർമ്മാണം പൂർത്തിയാക്കാനുണ്ട്;

(ഇ) പ്രസ്തുത പദ്ധതി പ്രകാരം എന്ത് തുക ഇതിനകം ചെലവഴിച്ചു;

(എഫ്) ഇനി എന്ത് തുക ചെലവഴിക്കാനുണ്ടെന്ന് വ്യക്തമാക്കാമോ; ഈ തുക എവിടെയാണ് നിക്ഷേപിച്ചിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രധാനമന്ത്രിയുടെ ഗ്രാമ സഡക്ക് യോജന അനുസരിച്ച് സംസ്ഥാനത്ത് 2000-2001 വർഷം 33 റോഡുകളുടെയും 2001-2002 വർഷം 184 റോഡുകളുടെയും നിർമ്മാണമാണ് ഏറ്റെടുത്തിട്ടുള്ളത്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്. †

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഒന്നും രണ്ടും ഘട്ടങ്ങളിലായി ആകെ 89 റോഡുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

(ഡി) 128 റോഡുകളുടെ നിർമ്മാണം പൂർത്തിയാക്കാനുണ്ട്.

(ഇ) ഒന്നും രണ്ടും ഘട്ടങ്ങളിലായി ആകെ 4394.72 ലക്ഷം രൂപ ഇതിനകം ചെലവഴിച്ചിട്ടുണ്ട്.

(എഫ്) കേന്ദ്ര സഹായമായി ലഭിച്ച തുകയിൽ ബാക്കിയുള്ള 1575.84 ലക്ഷം രൂപ ചെലവഴിക്കാനുണ്ട്. കേന്ദ്ര സർക്കാർ നിർദ്ദേശം അനുസരിച്ച് ജില്ലാ ഗ്രാമവികസന ഏജൻസികൾ ആരംഭിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടുകളിലാണ് തുക നിക്ഷേപിച്ചിട്ടുള്ളത്.

ഗ്രാമവികസനത്തിനുവേണ്ടി കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ

130 [853] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമവികസനത്തിന് വേണ്ടി കേന്ദ്ര ഗവൺമെന്റ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്നും അവയുടെ വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വെളിപ്പെടുത്താമോ;

(ബി) ഗ്രാമവികസനത്തിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്നും അവയുടെ വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഗ്രാമവികസനത്തിന് താഴെ പറയുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നു:

1. സ്വർണ്ണജയന്തി ഗ്രാമ സ്വറോസ്ഗാർ യോജന. (എസ്.ജി.എസ്.വൈ.)
2. ഇന്ദിരാ ആവാസ് യോജന. (ഐ.എ.വൈ.)
3. സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന. (എസ്.ജി.ആർ.വൈ.)
4. പ്രധാനമന്ത്രിയുടെ ഗ്രാമ സഡക്ക് യോജന. (പി.എം.ജി.എസ്.വൈ.).
5. സമ്പൂർണ്ണ ശുചിത്വ പരിപാടി—നിർമ്മൽ 2000.
6. സമ്പൂർണ്ണ ശുചിത്വ യജ്ഞം.
7. സംയോജിത തരിശുഭൂമി വികസന പരിപാടി. (ഐ.ഡബ്ല്യു.ഡി.പി.)
8. ഹരിയാലി.

ടി പദ്ധതികളുടെ വിശദവിവരം അനുബന്ധം 1-ൽ കൊടുത്തിരിക്കുന്നു. †

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly